**മതബോധനം:** ക്രിസ്തീയ വിശ്വാസ ജീവിത പരിശീലകരുടെ നേതൃത്വത്തിൽ ഫെറോനയിലെ എല്ലാ ഇടവകകളും "അവധിക്കാല വിശ്വാസ ഉത്സവം സംഘടിപ്പിച്ചു.





**മതബോധനവാർഷികം:** 19-5-2019 ഞായറാഴ്ച കരുംകുളം ഇടവകയിൽ മതബോധനസമിതിയുടെ ഫെറോന വാർഷികം സംഘടിപ്പിച്ചു. പ്രസ്തുത വാർഷികത്തിൽ ഫെറോന, രൂപത വിജയികൾക്ക് സമ്മാനദാനം നടത്തി. അതിനോടൊപ്പം മതബോധനനിരീക്ഷണത്തിൽ സമ്മാനത്തിന് അർഹരായവർക്കും സമ്മാനങ്ങൾ നല്കി. തുടർന്ന് വിവിധ ഇടവകകളുടെ കലാപരിപാടികളും നടത്തുകയുണ്ടായി.

**റവ. ഫാ. ലോറൻസ് കുലാസ്**
അതിരൂപത ഡയറക്ടർ

# കുടുംബപ്രേഷിത ശുശ്രൂഷ
## രൂപതാതലം

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് നാലാം ബാച്ച്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് കോഴ്സിന്റെ നാലാമത്തെ ബാച്ചിന്റെ മെയ് മാസത്തെ ക്ലാസ്സുകൾ 4,18 തീയതികളിൽ നടന്നു. 28 പേർ പങ്കെടുക്കുന്ന ക്ലാസ്സിൽ ഫാ. ആൻഡ്രൂസ്, ഫാ. എഡിസൻ, ഫാ. എ ആർ ജോൺ, എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇന്റേൺഷിപ്പ് നടന്നു വരുന്നു.

ജൂൺ മാസത്തിൽ ആരംഭിക്കുന്ന ഡിപ്ലോമാ കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 80 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബ പ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 176 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 171 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 12 യുവതികൾക്ക് ധനസഹായം





നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരു തനിച്ചല്ല എന്ന പ്രോജക്ടുവഴി 42 വ്യക്തികൾക്ക് ധനസഹായം നൽകി

**ഫെറോന ആനിമേറ്റേഴ്സ് & വോളന്റിയേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാരുടെയും വേളന്റിയർമാരുടെയും സംയുക്ത യോഗം 18 -ാംതീയതി കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടു കൂടി ആരംഭിച്ചു.

ഓരോരുത്തരും തങ്ങളുടെ ഫെറോനയിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കി. ബധിതരും മൂകരുമായിട്ടുള്ളവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവർക്കുവേണ്ടിയുള്ള സെമിനാർ ജൂൺമാസത്തിലെ ആദ്യവാരത്തിൽ നടത്താൻ തീരുമാനിച്ചു. കൗൺസിലിംഗ് സൗകര്യം ആവശ്യമുള്ളവർക്കു ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നുവെന്ന് ഡയറക്ടർ അറിയിച്ചു. കരുണാമയൻ, സാന്ത്വനം മംഗല്യം എന്നീ കാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ട ഫണ്ട് ശേഖരിക്കുന്നതിന് വോളന്റിയേഴ്സിനെ ചുമതലപ്പെടുത്തി.

തുടർന്ന് റവ. ഫാ. രജീഷ് വി രാജന്റെ പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫെറോനതലം**

**കോവളം ഫെറോന**

4 ഇടവകകളിലുള്ള ഏകസ്തരെയും ഓഖിയിൽ നിന്ന് തിരിച്ച് വന്നവരെയും സാന്ത്വനം മംഗല്യം പദ്ധതിയിലേക്ക് അപേക്ഷിച്ച വവ്വാമൂല, വിഴിഞ്ഞം ഇടവകകൾ സന്ദർശിച്ച് റിപ്പോർട്ട് നൽകി. പൂന്തുറ ഇടവകയിൽ മീഡിയയുടെ ഉപയോഗം ദുരുപയോഗം എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടർ റവ. ഫാ.

എ ആർ ജോൺ എടുത്ത ക്ലാസ്സിൽ 165 കുട്ടികൾ പങ്കെടുത്തു. രോഗികൾക്ക് ഒരു കൈത്താങ്ങ് , സകുടുംബം ബിസിസിയിലേക്ക്, ഡിജിറ്റൽ ഫ്രീ ഫാമിലി ഔവർ എന്നീ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചു. പൂന്തുറ, പുന്നമൂട് എന്നീ ഇടവകകളിലെ കിടപ്പുരോഗികകളായ 3 വ്യക്തികളെ സന്ദർശിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും മാസത്തിലൊരിക്കൽ വി. കുമ്പസാരവും വി. കുർബാനയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. ബിസിസി യൂണിറ്റുകളിൽ കുടുംബങ്ങളെ പങ്കെടുക്കാനായി കുടുംബങ്ങളെ പ്രോത്സാഹിപ്പിച്ചു.

**പാളയം ഫെറോന**

ഫെറോന എക്സിക്യൂട്ടീവ് യോഗം ഫെറോന സെന്ററിൽ വച്ച് നടന്നു.കുടുംബപ്രേഷിത ശുശ്രൂഷ ഭാരവാഹികൾക്കായുള്ള യോഗം നാലാം തീയതി പാളയം മദർ തെരേസാ പാരീഷ് ഹാളിൽ വച്ച് നടന്നു. കുടുംബം സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കി. മാധ്യമവിമുക്ത കുടുംബ മണിക്കൂർ കുടുംബങ്ങളിൽ പ്രാവർത്തികമാക്കാൻ കൺവീനേഴ്സിനെ ചുമതലപ്പെടുത്തി.

ഇടവകകളിൽ വിധവകളുടെയും ഏകസ്തരുടെയും വിവരശേഖരണം നടക്കുകയും വിധവാഫോറത്തിന് രൂപം നൽകുകയും ചെയ്തു. അന്ധരുടെയും ബധിരരുടെയും മൂകരുടെയും വിവരങ്ങൾ ശേഖരിച്ചു വരുന്നു. സഹായം ആവശ്യമുള്ളവരെകണ്ടെത്തി സഹായിക്കുവാനുള്ള ശ്രമം തുടരുന്നു. വോളന്റിയേഴ്സ് മീറ്റിംഗിൽ ഈ ഫെറോനയിൽ നിന്നും 20 പേർ പങ്കെടുത്തു.

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ ഇടവകകളിൽ കുടുംബശുശ്രൂഷയുടെ യോഗം നടന്നു. വിധവാഫോറം, കപ്പിൾ ഫോർ ക്രൈസ്റ്റ്, കൂട്ടായ്മകളും നടന്നു. മെയ് 1-ാം തീയതി ഉച്ചയ്ക്ക് 3 മണിമുതൽ 5 മണിവരെ





കുടുംബ ശുശ്രൂഷയുടെ ജനറൽ ബോഡിയോഗം പ്രീസ്റ്റ് കോർഡിനേറ്റർ ബഹുമാനപ്പെട്ട ജറാൾഡ് സാവിയോ അച്ചന്റെ അധ്യക്ഷതയിൽ കുമാരപുരം പാരീഷ്ഹാളിൽ വച്ച് നടക്കുകയുണ്ടായി. കുടുംബങ്ങളുടെ അജപാലനം എന്ന വിഷയയത്തിൽ അതിരൂപതാ കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ റവ. ഫാ. എ ആർ ജോൺ ക്ലാസ്സ് നൽകുകയും രൂപതയുടെ ശുശ്രൂഷപ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു. കപ്പിൾ ഫോർ ക്രൈസ്റ്റ് കൂട്ടായ്മയെക്കുറിച്ച് ഡോ. ഹെലൻ വിശദീകരിച്ചു.

തുടർന്ന് നടന്ന ജനറൽബോഡിയോഗത്തിൽ ശ്രീ. ലൂർദ്ദൻ ആന്റണി അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. ജോസഫ് പാക്യം റിപ്പോർട്ട് അവതരിപ്പിച്ചു. ഇടവകകളിൽ നിന്നും കൺവീനർമാർ, സിസ്റ്റേഴ്സ് പ്രതിനിധിമാർ, ഫെറോന ആനിമേറ്റർ തുടങ്ങിയവർ പങ്കെടുത്തു.

രോഗീസന്ദർശനം, അന്ധരുടെയും ബധിരരുടെയും വിവരശേഖരണം നടക്കുന്നു. മുട്ടട ഇടവകയിലെകുടുംബ ശുശ്രൂഷ - മാതൃവേദി മെയ് 12 ന് മാതൃദിനം ആചരിച്ചു. കുടുംബ ശുശ്രൂഷാ രൂപതാ സമിതിയിൽ വോളന്റിയർമാരായി പ്രവർത്തിക്കാൻ വിൻസി - കുമാരപുരം, ശാലിനി കുശവർക്കൽ, കല ചെറുവയ്ക്കൽ എന്നിവർ പേരു നൽകി.

**കഴക്കൂട്ടം ഫെറോന**

ഫെറോന കുടുംബശുശ്രൂഷ ജനറൽബോഡി യോഗം അതിരൂപത കുടുംബശുശ്രൂഷ ഡയറക്ടർ റവ.ഡോ. ഏ.ആർ ജോണിന്റെ നേതൃത്വത്തിൽ നടന്നു. ഫെറോനവികാരി മോൺ. ജോർജ്ജ് പോളിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു. യോഗത്തിൽ കുടുംബ ശുശ്രൂഷയുടെ ഫെറോന പ്ലാനും ബഡ്ജറ്റും അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ജൂൺ ഒന്ന് ശനിയാഴ്ച വിധവകൾ, വിഭാര്യർ, ഏകസ്ഥർ എന്നിവരുടെ ഫെറോനസംഗമം നടത്താൻ തീരു

മാനിച്ചു. പഠനക്ലാസ്, വിനോദം, സ്വയം തൊഴിൽ പരിശീലനം എന്നിവ സംഗമത്തോടനുബന്ധിച്ച് നടത്താനും തീരുമാനിച്ചു.

കരുണാമായൻ, സാന്ത്വനം മംഗല്യപദ്ധതി എന്നിവയെക്കുറിച്ചു യോഗത്തിൽ വിശദീകരണം ഉണ്ടായി. കാര്യവട്ടം, തുണ്ടത്തിൽ ഇടവകൾ ഒഴികെയുള്ള ഇടവകകളിൽ നിന്നുമായ് 36 പേർ യോഗത്തിൽ പങ്കെടുത്തു. ഇടവകതലങ്ങളിൽ കുടുംബശുശ്രൂഷ സമിതി കൂടുതൽ സജ്ജീവമാകുന്നു.

**പുതുക്കുറിച്ചി ഫെറോന**

11-5-2019 ഫാത്തിമാപുരത്ത് വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗും, 19-5-ൽ കനോഷ്യൻ കോൺവെന്റിൽ വച്ച് ഫെറോന കമ്മീഷൻ മീറ്റിംഗും കൂടി. മെയ്മാസത്തിലെ പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രവർത്തനമായ ഓറിയന്റേഷൻ ക്ലാസ് 25-5-19 ശനിയാഴ്ച കനോഷ്യൻ കോൺവെന്റിൽ വച്ച് നടത്തി. ബഹുമാനപ്പെട്ട ജോൺ എ.ആർ അച്ചനാണ് ക്ലാസ് നയിച്ചത്. ഫെറോനയിൽ നിന്നും 59 എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ക്ലാസിന്റെ മുന്നൊരുക്കമായി കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഫാ. ലോറൻസ് ലൂക്കാസിന്റെ നേതൃത്വത്തിൽ ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങൾ ഫെറോനയിലെ എല്ലാ ഇടവകകളും നേരിട്ട് സന്ദർശിച്ച് കനോഷ്യൻ കോൺവെന്റിൽ ഒരു കൗൺസിലിംഗ് സെന്റർ ഫെറോനയുടെ ആവശ്യത്തിനാടി വിട്ടു തന്നു. മൂക ബധിരരുടെ ലിസ്റ്റ് ശേഖരണത്തിൽ ഫെറോനയിൽ 38 പേരെ കണ്ടെത്തുവാൻ സാധിച്ചു.

**പ്രോലൈഫ് സോണൽ മീറ്റിംഗ്**

പ്രോലാഫിന്റെ രൂപതാ സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുകയും പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.

**വിവാഹ ഒരുക്കസെമിനാർ**

2019 മെയ് 10, 11, 12 തീയതികളിൽ നടന്ന കോഴ്സിൽ 70





പെൺകുട്ടികളും 58 ആൺകുട്ടികളും 2019 മെയ് 27, 28, 29 തീയതികൾ നടന്ന ക്ലാസ്സിൽ 45 പെൺകുട്ടികളും 48 ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**

2019 ജൂൺ 7 8 9

2019 ജൂൺ 17 18 19

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 30 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com

**റവ. ഫാ. ജോൺ എ.ആർ**

അതിരൂപത ഡയറക്ടർ

## യുവജന ശുശ്രൂഷ

### വലിയതുറ ഫെറോന

വലിയതുറ ഫെറോനയിൽ യുവജന ശുശ്രൂഷയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും പുസ്തകങ്ങളും വിതരണം ചെയ്യുന്നതിലേക്കായി ലിസ്റ്റ് ശേഖരിക്കുന്നു.

"രക്തദാനം മഹാദാനം" എന്ന പരിപാടിയുടെ വെളിച്ചത്തിൽ രക്തം നല്കാൻ താല്പര്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് ശേഖരണം നടത്തി.

### പുതുക്കുറിച്ചി ഫെറോന

12-5-2019-ൽ ഫെറോന യുവജന ശുശ്രൂഷതല എക്സിക്യൂട്ടീവ് യോഗം കൂടി. യോഗത്തിൽ മിന്നാധാരം ഒരു കൈത്താങ്ങ് എന്ന പരിപാടിയിൽ 3 പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന് ആവശ്യമുള്ള സാധനങ്ങൾക്കുള്ള സ്പോൺസറിനെ കണ്ടെത്തി.

### കോവളം ഫെറോന

പൂന്തുറ ഇടവകയിൽ 15 മുതൽ 19 വരെ എന്നീ തീയതികളിൽ 10-മത് ബൈബിൾ കൺവെൻഷൻ നടന്നു. വിശ്വാസത്തിലേക്ക് നയിക്കാൻ ഈ കൺവെൻഷൻ ഉപകരിച്ചു. ജീസസ് യൂത്ത്, കരിസ്മാറ്റിക് ടീം നേതൃത്വം നല്കി.

### തൂത്തൂർ ഫെറോന

നീരോടി, വള്ളവിള, ഇരവിപുത്തൻതുറ ഇടവകയിലെ 19-25 തീയതി വരെ യുവജനത്തിനുള്ള ധ്യാനം ഇരവിപുത്തൻത്തുറ ഇടവകയിൽ നടന്നു. 13-ാം തീയതി ഇരവിപുത്തൻത്തുറയിൽ വച്ച് യുവജനശുശ്രൂഷ എക്സിക്യൂട്ടീവ് യോഗം കൂടി.

### കഴക്കൂട്ടം ഫെറോന

മുരുക്കുംപുഴ ഇടവകയിൽ യുവജനങ്ങൾ 19-5-2019-ൽ





ഫാത്തിമപുരത്തു പ്രവർത്തിക്കുന്ന മാനസികരോഗികളെ നോക്കുന്ന സ്ഥാപനം സന്ദർശിച്ചു. അവർക്ക് സഹായം നല്കുകയും അവരോടൊപ്പം ചിലവഴിക്കുകയും ചെയ്തു.

മുരുക്കുംപുഴ ഇടവകയിൽ യുവജനങ്ങൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**റവ. ഫാ. ലെനിൻ ഫെർണാണ്ടസ്**

അതിരൂപത ഡയറക്ടർ

# വിദ്യാഭ്യാസശുശ്രൂഷ

## രൂപതാതലം

മെയ്മാസം 11-ാം തീയതി നടത്തിയ സിവിൽ സർവ്വീസ് പരീക്ഷയിൽ 48 കുട്ടികൾ എൻട്രൻസ് എക്സാം (സെന്റ് ജോസഫ് സ്ക്കൂൾ പാളയം വച്ചു) എഴുതുകയുണ്ടായി.

### ഫെറോനാതലം

ഫെറോനാതല വിദ്യാഭ്യാസ സമിതി യോഗം വലിയതുറ, പേട്ട, പുതുക്കുറിച്ചി, കോവളം, പുല്ലുവിള, പാളയം, അഞ്ചുതെങ്ങ്, കഴക്കൂട്ടം എന്നീ ഫെറോനകളിൽ 2,13,13,26,16,18,28 എന്നീ തീയതികളിൽ അതാതു ഫെറോനകളിൽ വച്ചു കൂടുകയുണ്ടായി. മെയ്, ജൂൺ മാസങ്ങളിൽ നടത്താനുള്ള പരിപാടികളെക്കുറിച്ചു ചർച്ച ചെയ്തു തീരുമാനമെടുത്തു.

**പിഎസ്സി പരിശീലനം:** പേട്ട ഫെറോനതലത്തിലും, പെരിങ്ങമ്മല ഇടവകതലത്തിലും, പുല്ലുവിള, വലിയതുറ എന്നിവിടങ്ങളിലും നടന്നുവരുന്നു.

**കെറ്റെറ്റ് പരിശീലനം:** വലിയതുറ, പുല്ലുവിള, പാളയം എന്നിവിടങ്ങളിൽ തുടർ പരിശീലനം നടന്നുവരുന്നു.

വലിയതുറ ഫെറോനയിൽ ഹയർ എഡ്യൂക്കേഷൻ ഫണ്ട് സ്വരൂപീക്കുന്നതിനായുള്ള മീറ്റിംഗ് ഫെറോന വികാരി സൈറസ് അച്ചന്റെയും കോർഡിനേറ്റർ റ്റോം അച്ചന്റെയും സാന്നിധ്യത്തിൽ മീറ്റിംഗ് കൂടുകയും നിർധനരായ കുട്ടികൾക്ക് വലിയ ഇടവകകളിൽ 2 കുട്ടികളെയും ചെറിയ ഇടവകയിൽ 1 കുട്ടിയെയും സെലക്ട് ചെയ്യാൻ തീരുമാനിക്കുകയും ഓരോ വർഷത്തെയും ചെലവിന്റെ നാലിലൊന്ന് രൂപ സ്ക്കോളർഷിപ്പ് ആയി നല്കാനും തീരുമാനിച്ചു.

### അഞ്ചുതെങ്ങ് ഫെറോന

ഫെറോന സമിതിയുടെ തീരുമാനമനുസരിച്ചു 19/5/19-ൽ ഫെറോന സെന്ററിൽ വച്ചു കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. 40 കുട്ടികൾ പങ്കെടുത്തു.





### കഴക്കൂട്ടം ഫെറോന

കഴക്കൂട്ടം ഫെറോനയിലെ 10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്കായി മെയ്മാസം 18-ാം തീയതി രാവിലെ 9.30 മുതൽ 1 മണി വരെ കരിയർ ഗൈഡൻസ് ക്ലാസ്സ് കഴക്കൂട്ടം സെന്റ് ജോസഫ് പാരീഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി.

മെയ്മാസം 25-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ 7,8,9 ക്ലാസ്സിലെ കുട്ടികൾക്കായി പ്രായം, പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്ന വിഷയത്തിൽ ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

### പുല്ലുവിള ഫെറോന

12-5-2019 ഞായറാഴ്ച ഫെറോന സമിതിയോഗം പൂവാർ ഇടവകയിൽവച്ച് കോർഡിനേറ്റർ ഫാ.ഫ്രഡി സോളമന്റെ അധ്യക്ഷതയിൽ കൂടി. ഫെറോനതലത്തിൽ കെ.റ്റെറ്റ്, ഡിഫൻസ് എന്നീ രണ്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ചർച്ചകൾ നടത്തി. ഓരോ ഇടവകകളിൽ നിന്നും റ്റി.റ്റി.സി ബിഎഡ് പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പൂർത്തിയാക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, സ്റ്റുഡൻസ് ഫോറം രൂപീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുമായി ടീച്ചേഴ്സ് ഫോറം രൂപീകരിക്കുന്നതിന് തീരുമാനിച്ചു. "ഡിഫൻസ് അക്കാഡമി" ഫെറോനതലത്തിൽ ആരംഭിക്കുന്നതിനായുള്ള ക്രമീകരണം നടത്തുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് എക്സർവ്വീസ് അംഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനും ഫെറോനസമിതി തീരുമാനിച്ചു.

**പ്രവർത്തനങ്ങൾ:** കെ.റ്റെറ്റ് പരിശീലനം ഈ മാസം റ്റി.റ്റി.സി, ബിഎഡ് കോഴ്സ് പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് അധ്യാപനയോഗ്യത സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനായി ഈ മാസം 9 ക്ലാസ്സുകൾ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നും 19 ഉദ്യോഗാർത്ഥികൾ പരിശീലനത്തിൽ പങ്കെടുക്കുന്നു.

**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്:** വിദ്യാർത്ഥികളിൽ മത്സര ബുദ്ധിയോടുകൂടി ഉന്നത തലങ്ങളിൽ എത്തിയ്ക്കുന്നതിനായി സംഘടിപ്പിച്ചു വരുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിൽ ഈ മാസം 4 ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**ഡിഫൻസ്:** ഫൊറോനയിൽ 18 വയസ്സുമുതൽ 23 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് കരസേന, നാവികസേന, വ്യോമസേന എന്നീ വിഭാഗത്തിൽ ഉദ്യോഗം കരസ്ഥമാക്കുന്നതിനായി ഡിഫൻസ് അക്കാദമി ആരംഭിക്കുന്നതിന് വൈദീക കൂട്ടായ്മകയിലും വിദ്യാഭ്യാസ സമിതിയിലും ധാരണയായതിന്റെ വെളിച്ചത്തിൽ പ്രവർത്തനം നന്നായി ക്രമീകരിക്കുന്നതിന്റെ ഭാഗമായി 18-5-19-ൽ ഫൊറോനവികാരിയുടെ നേതൃത്വത്തിൽ കേരളസ്റ്റേറ്റ് എക്സർവ്വീസ് പുല്ലുവിള യൂണിറ്റിലെ എക്സിക്യൂട്ടീവ് അംഗങ്ങളുമായി ആലോചിക്കുന്നതിനായി ഒരു യോഗം ക്രമീകരിച്ചു.

**ഡിഫൻലേയ്ക്കുള്ള തെരഞ്ഞെടുപ്പ്:** 25-5-2019 ശനിയാഴ്ച 4 മണിക്ക് പുല്ലുവിള സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. 52 ഉദ്യോഗാർത്ഥികൾ വന്നതിൽ 43 പേരെ തെരഞ്ഞെടുത്തു.

**കരിയർ ഗൈഡൻസ്:** 18-5-2019 പുല്ലുവിള ഇടവകയിൽ വച്ച് ഫൊറോനതലത്തിൽ 10,12 എന്നീ ക്ലാസ്സുകളിൽ നിന്നും വിജയിച്ച വിദ്യാർത്ഥികൾക്ക് അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനായുള്ള കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നുമായി 108 വിദ്യാർത്ഥികളും രക്ഷകർത്താക്കളും പങ്കെടുത്തു.

**മാതാപിതാക്കളുടെ ബോധവൽക്കരണ**: ആധുനികകാലഘട്ടത്തിൽ ജീവിതം പ്രശ്നസങ്കീർണ്ണമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അദ്ധ്യാപകരോടൊപ്പം കൈകോർത്ത് വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഉത്തരവാദിത്വം ഉറപ്പിക്കുന്നതിനായുള്ള ബോധവൽക്കരണം 25-5-19-ൽ രക്ഷകർത്താക്കൾക്ക് നല്കി. വിവിധ ഇടവകകളിലുമായി 75 പേർ പങ്കെടുത്ത ക്ലാസ്സിൽ ശ്രീ.ജോയി ജോൺ ക്ലാസ്സിന് നേതൃത്വം വഹിച്ചു.





**ത്രിഭാഷ പരിശീലനം:** പുല്ലുവിള 72 വിദ്യാർത്ഥികൾക്കും പൂവാർ 215 വിദ്യാർത്ഥികൾക്കും കരുംകുളം 73 വിദ്യാർത്ഥികൾ എൽ.പി, യു.പി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെയ് 6-ാം തീയതി മുതൽ ആരംഭിച്ചു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ നന്നായി എഴുതുന്നതിനും വായിക്കുന്നതിനുമുള്ള പരിശീലനം നല്കി വരുന്നു.

**പൂവാർ ഇടവകയിൽ**: സ്റ്റുഡൻസ് ഫോറം രൂപീകരിക്കുന്നതിന്റെ ഭാഗമായി ടീച്ചർ ഫോറം രൂപീകരിച്ചു പ്രവർത്തനം ക്രമീകരിച്ചു വരുന്നു.

**ഇടവകതലം**

**അരയതുരുത്തി:** അവധിക്കാല സംഗമം ഇടവകയിൽ മെയ് 15, 16, 17 തീയതികളിൽ നടത്തി. മോട്ടിവേഷൻ ക്ലാസ്സ്, സ്കിൻ ഡെവലപ്മെന്റ്, ജി.കെ പരിശീലനം, ചൈൽഡ് പാർലമെന്റ് ഓറിയന്റേഷൻ ക്ലാസ്സ് എന്നിവ നടന്നു. വെന്നികോട്-27 മുതൽ 29 വരെ നടത്തുന്നു. മാമ്പള്ളിയിൽ സ്കിൽ ഡെവലപ്മെന്റ് ക്ലാസ് നടന്നു. ക്ലാസ് നയിച്ചത് ശ്രീമാൻ ജോബി. അഞ്ചുതെങ്ങിൽ പേപ്പർ ഉപയോഗിച്ചുള്ള സാധനങ്ങളുടെ എക്സിബിഷൻ നടത്തി.

**തോപ്പ്:** 15-5-19 മുതൽ 31-5-19 വരെ 15 ദിവസത്തേയ്ക്കു ഡിസി, കോമേഴ്സ് ഗ്രൂപ്പ് പഠിക്കുന്ന കുട്ടികൾക്കും +1. +2-ൽ പഠിക്കുന്ന കുട്ടികൾക്കായി സൗജന്യ കമ്പ്യൂട്ടർ പരിശീലന ക്ലാസ് നല്കി വരുന്നു.

16,17 തീയതികളിൽ +1,+2, ഡിഗ്രി കുട്ടികൾക്കായി സൈബർ മോഡുലേഷൻ കൗമാരപ്രായത്തിൽ കുട്ടികൾക്കുണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ എന്ന വിഷയത്തെക്കുറിച്ചും ഫാമിലി പ്ലാനിംഗ് അസോസിയേഷൻ ഓഫ് ഇൻഡ്യയിലെ പ്രമുഖർ ക്ലാസുകൾ നയിച്ചു. എൽ.പി, യു.പി, എച്ച്.എസ് വിഭാഗത്തിലെ കുട്ടികൾക്കായി ചിത്രരചന, ചെറുകഥ, ഉപന്യാസ മൽസരം 17-ാം തീയതി 9.30 മുതൽ 12.30 വരെ നടന്നു.

**കൊച്ചുവേളി:** 14-ാം തീയതി കരിയർ ഗൈഡൻസിന്റെ ക്ലാസ് നടന്നു. 42 കുട്ടികൾ ഇതിൽ പങ്കെടുത്തു. 24 മുതൽ 26 വരെ ജ്വാല ടീം നയിച്ച വ്യക്തിത്വവികസന ക്യാമ്പിൽ 62 കുട്ടികൾക്കായി 4 ദിവസത്തെ സ്റ്റേ പ്രോഗ്രാം നടത്തി കമ്മ്യൂണിക്കേഷൻ ആന്റ് പേഴ്സണാലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടന്നു. 3 മാസത്തെ ഇടവകതല പിഎസ്സി ക്ലാസ് നടന്നുവരുന്നു.

**സെന്റ് സേവ്യഴ്സ്:** 13-ാം തീയതി കരിയർ ആന്റ് കോഴ്സ് ഗൈഡൻസ് 13 കുട്ടികൾക്കും 19 മാതാപിതാക്കൾക്കുമായി ക്ലാസ് നയിച്ചത് എൻജിനിയറിംഗ് കോളേജ് അധ്യാപകനും സ്വന്തം ഇടവകാഗവുമായ വിപിൻ സാറാണ്. 19-ാം തീയതി നിർധനരായ 36 കുട്ടികൾക്ക് പഠനോപകരണം വിതരണം ചെയ്തു.

**വലിയതുറ:** 13-ാം തീയതി മുതൽ 17 വരെ വലിയതുറ കമ്മ്യൂണിറ്റി ഹാളിൽ വച്ച് അവധിക്കാല സംഗമം നടന്നു. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായി നടന്ന പ്രോഗ്രാമിൽ 350 കുട്ടികൾ പങ്കെടുത്തു. വലിയതുറ ഫെറോനയിലെ എല്ലാ ഇടവകകളിലും സമിതിയോഗങ്ങൾ നടന്നു.

**മുട്ടട:** ഏപ്രിൽ 22 മുതൽ മെയ് 18 വരെ ഫുട്ബോൾ കോച്ചിംഗ് പരിശീലന ക്ലാസിൽ 32 കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി.

**പോങ്ങുംമൂട്:** 28-ാം തീയതി മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് ആരംഭിച്ചു. 30 കുട്ടികൾ പങ്കെടുക്കുന്നു.

**പള്ളിത്തുറ:** മെയ് 1 മുതൽ 30 വരെ അക്ഷരക്കൂട്ടം 1 മുതൽ 5 -ാംക്ലാസുവരെയുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച ക്ലാസിൽ 64 കുട്ടികൾ പങ്കെടുത്തു. 20 മുതൽ 22-ാം തീയതി വരെ ബോധവൽക്കരണ ക്ലാസ് ടീനേജ് അവയർനസ്, പാഴ്വസ്തുക്കളെ എങ്ങനെ പ്രയോജന വസ്തുക്കളാക്കാം, ലഹരി പദാർത്ഥങ്ങൾ നവമാധ്യമങ്ങൾ കുട്ടികളിലുണ്ടാകുന്ന സ്വാധീനം എന്നിവയെക്കുറിച്ചുള്ള ക്ലാസുകൾ നല്കി.

**കൊച്ചുതുറ:** 18-ാം തീയതി റ്റീനേജ് ബോധവൽക്കരണ ക്ലാസിൽ





20 കുട്ടികൾ പങ്കെടുക്കുകയും ക്ലാസ് നയിച്ചത് ഷിനോജ് സാറാണ്. ഓഖിദുരന്തത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിക്ക് പഠന സഹായം നല്കുന്നതിന്റെ ഭാഗമായി സെന്റ് വിൻസെന്റ് കോളേജിൽ നിർത്തി പഠിപ്പിക്കാനുള്ള സഹായം ചെയ്യാൻ തീരുമാനിച്ചു.

**പെരിങ്ങമ്മല:** ഏപ്രിൽ 28-ാം തീയതി കരിയർ ഗൈഡൻസ് ക്ലാസിൽ 42 വിദ്യാർത്ഥികൾ പങ്കെടുത്തു.

**പുന്നമൂട്:** മെയ് 5-ന് കരിയർ ഗൈഡൻസ് ക്ലാസ് നടന്നതിൽ 45 വിദ്യാർത്ഥികൾ പങ്കെടുത്തു.

**വിഴിഞ്ഞം:** മെയ് 19-ന് കരിയർ ഗൈഡൻസ് ക്ലാസിൽ 95 വിദ്യാർത്ഥികൾ പങ്കെടുത്തു.

**വിദ്യാഭ്യാസ സർവ്വേ:** വിഴിഞ്ഞം, പാലപ്പൂര് ഇടവകകളിൽ നടന്നു. തുല്യതാ പരീക്ഷാ സഹായി: സാക്ഷരതാമിഷനുമായി ചേർന്ന് തുല്യതാ പരീക്ഷ സംഘടിപ്പിച്ചു. ഏപ്രിൽ 16-ന് പ്രവേശോത്സവം സംഘടിപ്പിച്ചു. പത്താം ക്ലാസിൽ 35 കുട്ടികളും പന്ത്രണ്ടാം ക്ലാസിലെ 32 കുട്ടികളും രജിസ്റ്റർ ചെയ്തു. ഏപ്രിൽ 28-ാം തീയതി ക്ലാസു തുടങ്ങി.

**പൂന്തുറ:** മെയ് 12-ാം തീയതി മുതൽ 55 കുട്ടികളെ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.

**മുടവൻമുകൾ:** പിഎസ്സി കോച്ചിംഗ് ക്ലാസ് ജനുവരി മുതൽ ആഴ്ചയിൽ 3 ദിവസത്തെ ക്ലാസ് 6.30 മുതൽ 7.30 വരെ 22 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു.

**ഇടവകസമിതിയോഗം:** എല്ലാ ഇടവകയിലും സമിതിയോഗം കൂടി. നന്തൻകോട് ഇടവകയിൽ സ്റ്റുഡൻസ് ഫോറം തുടങ്ങുന്നതിന്റെ ഭാഗമായി റിസോഴ്സ് ടീം രൂപീകരിച്ചു. ഇതിൽ നിന്നും 3 പേരെ സ്റ്റുഡൻസ് ഫോറത്തിന്റെമേൽ നോട്ടത്തിനായി ഏൽപ്പിച്ചു.

**കുടപ്പനകുന്ന്:** ത്രിഭാഷാ പരിപാടിയുടെ ഭാഗമായി ക്ലാസുകൾ ആരംഭിച്ചു. രൂപതയുടെ തുടർപരിപാടിയായ (ഡിഫൻസ് പരിശീലന പരിപാടിയിൽ) നേവി, ആർമി, എയർഫോഴ്സ് എന്നീ സേനകളിലേയ്ക്ക് നമ്മുടെ കുട്ടികളെ എത്തിക്കുന്നതിന്റെ ഭാഗമായി എൻഎ

പിറ്റിന്റെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നുവരുന്നു. ഇതിൽ 19 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

വള്ളവിള,നീരോടി, ഇരവിപുത്തൻതുറ എന്നീ ഇടവകകളിൽ അവധിക്കാല സംഗമം, കരിയർ ഗൈഡൻസ് സ്പോക്കൺ ഇംഗ്ലീഷ് എന്നിവയുടെ ക്ലാസുകൾ നടന്നുവരുന്നു.

**കഴക്കൂട്ടം:** ബദൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച്, സ്റ്റുഡൻസ് ഫോറം, ടീച്ചർ ഫോറം എന്നിവയെക്കുറിച്ച് മുരുക്കുംപുഴ ഇടവകയിൽ മെയ്മാസം 5-ാം തീയതി അതിരൂപത അസി.ഡയറക്ടർ ഫാ.രാജേഷ്, അലോഷ്യസ് സർ ക്ലാസ്സ് എടുത്തു.

ഞാണ്ടൂർക്കോണം ഇടവകയിൽ അവധിക്കാലത്ത് ആഴ്ചയിൽ 5 ദിവസം രാവിലെ 9.30 മുതൽ 1 മണി വരെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് നടത്തുകയുണ്ടായി

**റവ. ഫാ. ഡൈസൺ**
അതിരൂപത ഡയറക്ടർ





# സാമൂഹ്യശുശ്രൂഷ

**രൂപതാതലം**

രൂപതാതലത്തിൽ സെക്രട്ടറിമാരുടെ സംഗമം 4/5/19-ൽ സെന്റ് ആന്റെണീസ് ഹാളിൽ വച്ച് നടന്നു. ഫാ.ഡോണി സ്വാഗതാശംസയും, ഫാ.ലെനിൻ രാജ് വിഷയാവതാരണവും, മിസ്.ജെറാൾഡ് സാമൂഹ്യ പ്രതിബദ്ധത എന്ന വിഷയത്തെക്കുറിച്ചും ക്ലാല് നല്കി. 9-ൽ 7 ഫെറോനകളിൽ നിന്നും സെക്രട്ടറിമാരുടെ പങ്കാളിത്തമുണ്ടായിരുന്നു.

ഓഖി ദുരന്തത്തോടനുബന്ധിച്ച് യാനങ്ങൾ നശ്ടപ്പെട്ടതിൽ 32 അംഗങ്ങൾക്കായി 13,90,000/രൂപ രണ്ടാം ഗഡു, ധനസഹായം വിതരണം ചെയ്തു.

രൂപതാതല തൊഴിലാളി ദിനാചരണം 1/5/2019-ൽ പുല്ലുവിള ഫെറോനയിൽ വച്ച് സംഘടിപ്പിക്കുകയും, ഫാ.ജോർജ്ജ് ഗോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ ഫാ.ഡോണി അനുഗ്രഹ പ്രഭാഷണവും ജോണി ജാക്സൺ വിഷയാവതരണവും ഫാ. ജോൺഡാൾ ഉത്ഘാടന കർമ്മവും ശ്രീമചി അന്നറീറ്റ ആശംസയും നല്കിയ പരിപാടിയിൽ വിവിധ തൊഴിൽ മേഖലകളിലെ മാതൃകാ തൊഴിലാളികളെ പൊന്നാട അണിയിച്ച് കാശ് അവാർഡ് നല്കിയും ആദരിച്ചു.

17,18 എന്നീ തീയതികളിൽ നേഴ്സറികളിലെ അദ്ധ്യാപകർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി ഫാ.ലെനിൻരാജ് ഉത്ഘാടനം ചെയ്തു. Need and importance of Montessori Schools, principles, Theory എന്ന വിഷയങ്ങളെക്കുറിച്ചും 22,23 എന്നീ തീയതികളിൽ സപ്ലിമെന്ററി, ക്വാളിറ്റി എജ്യൂക്കേഷൻ സെന്ററിലെ അദ്ധ്യാപകർക്കായി അക്കാഡമിക്കൽ ലെവൽ അപ്രോച്ച്, മോട്ടിവേഷൻ, ഇവാലുവേഷൻ & ഗ്രെയ്ഡിംഗ് എന്ന വിഷയങ്ങളെക്കുറിച്ചും 25 -ാം തീയതി ചൈൽഡ് പാർലമെന്റ് കൺവീനർമാർക്ക് How to

conduct a child parliament, Motivation എന്നീ വിഷയങ്ങളെക്കുറിച്ചും പരിശീലനം നല്കി. പരിശീലനങ്ങളിൽ അതാത് സെന്ററുകളിലെ അദ്ധ്യാപകർ പങ്കെടുത്തു.

**നീതി സമാധാന വികസന കമ്മിഷൻ:** 9-ൽ 9 ഫെറോനകളിലും ഫെറോന കോർഡിനേറ്റർമാരുടെ അദ്ധ്യക്ഷതയിൽ യോഗം നടന്നു. പ്ലാൻ അനുസരിച്ച് ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും മെയ്മാസത്തെ പ്രവർത്തനങ്ങളുടെ പ്ലാനിംഗും വേണ്ട തീരുമാനമെടുത്തു. 9 ഫെറോനകളിലും ഫെറോന പ്രവർത്തകരുടെ യോഗം നടന്നു. ഇടവകാതല എക്സി. യോഗം എല്ലാ ഫെറോനകളിലും നടന്നു. ഇടവകാതല കൺവീനർമാരുടെ കൂടിവരവ് പുല്ലുവിള ഫെറോനയിൽ നടന്നു.

**അടിസ്ഥാന സൗകര്യ വികസനം:** കഴക്കൂട്ടം ഫെറോനയിൽ 11 ടോയ്ലറ്റുകളുടെ പണി പൂർത്തിയാക്കുകയും അവസാനഘട്ടം തുകയായ 2000/രൂപ വീതം 10 ടോയ്ലറ്റുകൾക്കായി 20,000 രൂപ നല്കി.

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ:** ഓഖി ദുരിതബാധിതരുടെയും എസ്എഎഫ്പി കുടുംബങ്ങളിലേയും പഠിക്കുന്ന മക്കൾക്കായി 9 ഫെറോനയിലും നോട്ട്ബുക്ക് വിതരണം ചെയ്തു. കഴക്കൂട്ടം ഫെറോനയിൽ കാരുണ്യപൂർവ്വം പദ്ധതിയിലെ 10 അംഗങ്ങൾക്കായി 9000 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. പുല്ലുവിള ഫെറോനയിൽ എസ്എഎഫ്പി യിൽ പുതുതായി 25 ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചു.

**സ്വയം സഹായ സംഘങ്ങൾ:** ഫെറോന ഫെഡറേഷൻ യോഗങ്ങൾ എല്ലാ ഫെറോനയിലും നടന്നു. ഒപ്പം യോഗങ്ങളിൽ നേതൃത്വം, മക്കളുടെ പരിചരണത്തിൽ മാതാപിതാക്കളുടെ പങ്ക് എന്ന വിഷയങ്ങളിൻമേൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

തൊഴിൽകാര്യ കമ്മിഷൻ

കെഎൽഎം ഫെറോനായോഗം 6 ഫെറോനകളിലും നടന്നു. എല്ലാ ഫെറോനയിലും ഫെറോനാതലത്തിൽ തൊഴിലാളി ദിനാചരണവും വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ





ആദരിക്കൽ നടന്നു. കെഎൽഎം ഫെറോനതല തൊഴിലാളി ദിനാചരണത്തിൽ അഞ്ചുതെങ്ങ്, കഴക്കൂട്ടം എന്നീ ഫെറോനകളിൽ നേതൃത്വഗുണത്തെകുറിച്ച് ക്ലാസ് നല്കി. കഴക്കൂട്ടം ഫെറോനയിൽ 150 അംഗങ്ങൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്തു. പാളയം ഫെറോനയിലെ ഇടവകകളിൽ ലേബർ സൺഡേ ദിനാചരണം നടത്തി. പുല്ലുവിള ഫെറോനയിൽ കെഎൽഎം അംഗങ്ങൾക്കായി വിവിധ പളളികൾ, കന്യാകുമാരി എന്നിവിടങ്ങളിലേക്ക് 21-ാം തീയതി ടൂർ സംഘടിപ്പിച്ചു. വിവിധ ഫെറോനകളിൽ നിന്നും കെഎൽഎം ലേക്ക് പുതുതായി അംഗങ്ങൾ അംഗത്വം സ്വീകരിക്കുകയും, നിലവിലുള്ള അംഗത്വം പുതുക്കുകയും ചെയ്തു. പരുത്തിയൂർ ഇടവകയിൽ തയ്യൽതൊഴിലാളി ക്ഷേമ നിധിബോർഡ് ഉദ്യോഗസ്ഥർ, ഇടവകയിൽ എത്തി പുതുതായി അംഗങ്ങളെ ക്ഷേമനിധിയിൽ 22-ാം തീയതി അംഗങ്ങളാക്കി.

**ആരോഗ്യകാര്യ കമ്മിഷൻ:** പുതുക്കുറിച്ചി ഫെറോന 10 ക്യാൻസർ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തി. 4-ാം തീയതി തൈക്കാട് ഇടവകയിൽ വയോമിത്രം ക്യാമ്പും, 12 -ാം തീയതി വെള്ളയമ്പലം ഇടവകയിൽ വയോധിക സംഗമവും, നന്തൻകോട് 13 നിർദ്ധനർക്ക് ഭക്ഷ്യക്കിറ്റ് വിതരണവും നടത്തി. അഞ്ചുതെങ്ങ് ഫെറോനയിൽ ക്യാൻസർ രോഗബാധവൽക്കരണ ക്ലാസും ജനറൽ മെഡിക്കൽ ക്യാമ്പും നടന്നു. 3 ക്യാൻസർ രോഗികളുടെ ഭവനസന്ദർശനം നടത്തി, ഒരംഗത്തിന് സർജറിക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. 12-ാം തീയതി മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ഹെൽത്ത് അംഗങ്ങളുമായി ഭവനസന്ദർശനം നടത്തി, ഡ്രൈ ഡേ ആചരിച്ചു. 19-ാം തീയതി അഞ്ചുതെങ്ങ് ഫെറോനാതലത്തിൽ പിആർഎസ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ക്യാൻസർ മെഡിക്കൽ ക്യാമ്പും, ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പും നടത്തി, 92 സ്ത്രീകൾ പങ്കെടുത്തു, 3 അംഗങ്ങളെ റെഫർ ചെയ്തു. അഞ്ചുതെങ്ങ്, ഫെറോനയിലെ 10 ഇടവകകളിൽ നിന്നും 1408 പേർ ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതു

ക്കി. പാളയം ഫെറോനയിലെ എസ്എച്ച്ജി അംഗങ്ങളിൽ നിന്നും കളക്ട് ചെയ്ത 5000/രൂപ മലമുകൾ ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് നല്കി. പുല്ലുവിള ഫെറോനയിൽ സാമൂഹ്യസുരക്ഷാമിഷനും, മലബാർ ഗോൾഡും സംയുക്തമായി 24,29 എന്നീ തീയതികളിൽ പരുത്തിയൂർ, പുല്ലവിള എന്നീ ഇടവകകളിൽ ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ് നടന്നു. സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും വിധവകൾക്കും മാരകരോഗികൾക്കുമായുള്ള ധനസഹായ പദ്ധതിയുടെയും മലബാർ ഗോൾഡിന്റെ ഭവനം വാർക്കലിനായും, വിവാഹത്തിന് സ്വർണ്ണം വിതരണം ചെയ്യുന്ന പദ്ധതിയുടെയും അപേക്ഷ ഫോമുകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നുള്ള ധനസഹായത്തിന്റെയും ഫോമുകൾ പുല്ലുവിള ഫെറോനയിലെ എല്ലാ ഇടവകകളിലും എത്തിച്ചു.

**സ്ത്രീകൾ- കുട്ടികൾ:** പുല്ലുവിള ഫെറോനയിൽ സ്ത്രീ ശാക്തീകരണ പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള ലിസ്റ്റ് ശേഖരണം നടത്തി. എല്ലാ ഫെറോനകളിലും ചൈൽഡ് പാർലമെന്റ് അംഗങ്ങൾക്ക് പ്ലാസ്റ്റിക്കിന്റെ ദൂശ്യവശങ്ങൾ, പരിസ്ഥിതി സംരക്ഷണം ഇവയുടെ ക്ലാസ് നല്കി. പാളയം വലിയതുറ, പുല്ലുവിള എന്നീ ഫെറോനകളിൽ ഫെറോനാതലത്തിൽ വ്യക്തിത്വവികസന സെമിനാർ സംഘടിപ്പിച്ചു. പുല്ലുവിള, പരുത്തിയൂർ എന്നീ ഇടവകകളിൽ പുതുതായി ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു. കുമാരപുരം ഇടവകയിൽ ചൈൽഡ് പാർലമെന്റ് പുനഃരൂപീകരിച്ചു. വലിയതുറ ഫെറോനയിൽ സെന്റ് സേവ്യഴ്സ്, തോപ്പ്, വലിയതുറ എന്നീ ഇടവകകളിൽ പുതിയ ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു. സപ്ലിമെന്ററി, നേഴ്സറി എന്നീ സെന്ററുകളിലേക്ക് പുതുതായി അഡ്മിഷൻ എടുത്തുവരുന്നു

**പ്രവാസികാര്യ കമ്മിഷൻ:** പുതുക്കുറിച്ചി ഫെറോനയിൽ മര്യനാട് ഇടവകയിൽ പ്രവാസി ഫോറം രൂപീകരിച്ചു. എല്ലാ ഫെറോനയിലും പ്രവാസി സർവ്വേയ്ക്കുള്ള ഫോം എത്തിച്ചു, വിവരശേഖരണം ഇടവകാതലത്തിൽ നടന്നുവരുന്നു. വലിയതുറ 2 അംഗങ്ങളെ ക്ഷേമ പദ്ധതിയിൽ അംഗങ്ങളാക്കി. പുല്ലുവിള ഫെറോനയിൽ ഫെറോ





നാതല പ്രവാസികാര്യ കമ്മിഷൻ യോഗം നടന്നു. പുല്ലുവിള ഫെറോനയിൽ 19-ാം തീയതി പരുത്തിയൂർ ഇടവകയിൽ വച്ച് 250 അംഗങ്ങൾക്ക് പ്രവാസിക്ഷേമ പദ്ധതികളെകുറിച്ച് ക്ലാസ് നല്കി.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ:** പള്ളിത്തുറ ഇടവകയിൽ 22/5/19 -ന് ലഹരിയുടെ ദൂശ്യവശങ്ങളെ കുറിച്ച് ക്ലാസ് നല്കി. അഞ്ചുതെങ്ങ് ഫെറോനയിൽ അഞ്ചുതെങ്ങ്, മാമ്പള്ളി എന്നീ ഇടവകകളിൽ എ.എ ഗ്രൂപ്പ് യോഗം നടന്നു. മാമ്പള്ളി ഇടവകയിൽ അഞ്ചുതെങ്ങ് പോലീസ് എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്നിവരുടെ സഹായത്തോടെ ലഹരിവിരുദ്ധ റാലി നടന്നു, 3 ഏര്യകളിൽ ലഹരിവിരുദ്ധ സന്ദേശം നല്കി. വലിയതുറ ഫെറോന സമിതിക്ക് രൂപം നല്കി

**പരിസ്ഥിതി പ്രവർത്തനങ്ങൾ**: എല്ലാ ഫെറോനയിലും പരിസ്ഥിതി കമ്മിഷന്റെ ഫെറോനയോഗം സംഘടിപ്പിച്ചു. 3, 4 എന്നീ തീയതികളിൽ കാര്യവട്ടം ഇടവകയിൽ വച്ച് സംഘടിപ്പിച്ച അടുക്കളത്തോട്ട നിർമ്മാണ പരിശീലനത്തിൽ പേട്ട, പാളയം, കഴക്കൂട്ടം, വലിയതുറ എന്നീ ഫെറോനകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. പുല്ലുവിള ഫെറോനയിൽ കൊല്ലംങ്കോട് ഇടവകയിലെ അംഗങ്ങൾക്ക് പരിസ്ഥിതി നയരേഖയെകുറിച്ച് ക്ലാസ് നല്കി.

**മറ്റു പ്രവർത്തനങ്ങൾ:** വെള്ളപ്പൊക്ക ദുരിത ബാധിത പ്രദേശങ്ങളിൽ കോവളം ഫെറോനയിലെ പാലപ്പൂർ ഇടവകയിലെ കൃഷിനാശം, പേട്ട ഫെറോനയിലെ ഭവനങ്ങളുടെ കേടുപാടുകൾ എന്നിവ കെഎസ്എസ്എഫ്-ൽ നിന്നും 22/5/19-ൽ സന്ദർശിച്ച് വിവരശേഖരണം നടത്തുകയും വിലയിരുത്തുകയും ചെയ്തു.

**റവ. ഫാ. ലെനിൻരാജ്**

അതിരൂപത ഡയറക്ടർ

# മത്സ്യമേഖല ശുശ്രൂഷ

**രൂപതാ വിലയിരുത്തൽ യോഗം**

2-ാം തീയതി അതിരൂപതാ ഡയറക്ടർ റവ.ഫാ.ഷാജിൻ ജോസിന്റെ നേതൃത്വത്തിൽ വിലയിരുത്തൽ യോഗം നടന്നു.

**ഫെറോനാ യോഗം:** 2,5,12,17,26 എന്നീ തീയതികളിൽ ഫെറോന കോർഡിനേറ്റർ അച്ചന്മാരുടെ നേതൃത്വത്തിൽ 6/6 ഫെറോനയോഗം നടന്നു. പരിധിവിട്ട് വരുന്ന ബോട്ടുകളുടെ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും കടൽക്ഷോഭത്തിനെക്കുറിച്ചും കല്ലിടുന്നതിനെക്കുറിച്ചും കോവളം ഫെറോനയിൽ ജൂൺ ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ മീൻ വിൽക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിന് ഇടവക കൗൺസിൽ അംഗങ്ങളെ വിളിച്ചു കൂട്ടാനും തീരുമാനിച്ചു.

**യൂണിറ്റ് യോഗങ്ങൾ:** തൂത്തൂർ 3/8 അഞ്ചുതെങ്ങ് 2/6 പുതുക്കുറിച്ചി 9/11 വലിയതുറ 3/8 കോവളം 2/3 എന്നീ ക്രമത്തിൽ സമിതി യോഗങ്ങൾ കൂടി. തീരം വൃത്തിയാക്കുന്നതിനെക്കുറിച്ചും ഈ നയം തുറമുഖത്തെക്കുറിച്ചും പ്ലാൻ & ബഡ്ജറ്റ് അനുസരിച്ച് ഇടവകകളിൽ പ്രവർത്തനങ്ങൾ ചെയ്യുന്നതിനെക്കുറിച്ചും പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ചും യോഗങ്ങളിൽ ചർച്ച ചെയ്തു.

**റ്റിഎംഎഫ്**

**രൂപതാ ജനറൽ ബോഡി മീറ്റിംഗ്**

18-ാം തീയതി പാളയം സിഎഫ്എസ്-ൽ വച്ച് രൂപതാ മത്സ്യമേഖല ഡയറക്ടർ ഫാദർ ഷാജിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ മോൺ.യൂജിൻ എച്ച് പെരേരയുടെ സാന്നിധ്യത്തിലും മീറ്റിംഗ് കൂടി. ഫെറോനയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഇഗ്നേഷ്യസ് മാൻട്രേസ് സർ 2019-ലെ സംസ്ഥാന സർക്കാരിന്റെ പുതിയ നയത്തെക്കുറിച്ച് ക്ലാസ് നല്കുകയും അതിനെക്കുറിച്ചുള്ള ചർച്ചയും അഭിപ്രായവും റവ.ഫാ.യൂജിൻ എച്ച് പെരേര കോഡിനേറ്റ് ചെയ്തു.





**യൂണിറ്റ് യോഗങ്ങൾ**

പുതുക്കുറിച്ചി 3/4 തൂത്തൂർ 2/4 കോവളം 1/3 അഞ്ചുതെങ്ങ് 1/6 എന്നീ ക്രമത്തിൽ യൂണിറ്റ് നടന്നു

റ്റിഎംഎഫ് എസ്എച്ച്ജി യോഗങ്ങൾ: വലിയതുറ ഫെറോനയിൽ 6/6 എസ്എച്ച്ജി യോഗങ്ങൾ നടന്നു.

**ബോധവൽക്കരണ ക്ലാസ്:** 19-ാം തീയതി മര്യനാട് ഇടവകയിൽ വച്ച് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫെറോനാതലത്തിൽ കേരള സർക്കാരിന്റെ പുതിയ നയം എന്തൊക്കെയാണെന്ന് രൂപതാ ഡയറക്ടർ ഫാ.ഷാജിൻ ജോസ് ക്ലാസ് നല്കി.

**മത്സ്യക്കച്ചവട സ്ത്രീഫോറം**

**ഫെറോനയോഗം:** അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, വലിയതുറ, തൂത്തൂർ, പുല്ലുവിള, കോവളം എന്നീ ഫെറോനകളിൽ 6/6 ഫെറോനാ യോഗങ്ങളും നടന്നു. അംഗങ്ങൾക്ക് യൂണിഫോം, തൊഴിലാളി ദിനം, മാർക്കറ്റ് പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. കോവളം ഫെറോനയിൽ തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് സി.അനു മാത്യു ക്ലാസ് നല്കി.

**യൂണിറ്റ് യോഗങ്ങൾ:** തൂത്തൂർ 8/8 പുല്ലുവിള 7/7 രോവളം 4/4 വലിയതുറ 8/8 പുതുക്കുറിച്ചി 7/8 അഞ്ചുതെങ്ങ് 14/18 എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ കൂടി. ഉണർവ്വ് പഠന പത്രിക പുകയില വിരുദ്ധ ദിനം എന്ന വിഷയത്തിന്മേൽ ക്ലാസ് നല്കി.

**വായ്പാ വിതരണം**

കോവളം 4 അംഗങ്ങൾക്ക് 70,000 രൂപ, പുല്ലുവിള 3 അംഗങ്ങൾക്ക് 75,000 രൂപ, പുതുക്കുറിച്ചി 1 അംഗത്തിന് 25,000 രൂപ നല്കി. ഓഡിറ്റിംഗ്: എല്ലാ ഫെറോനയിലും സാമൂഹ്യശുശ്രൂഷ ഓഡിറ്റർ റെസബിൻ സാറിന്റെ നേതൃത്വത്തിൽ കഴിഞ്ഞ മാസത്തെ വരവ് ചിലവ് കണക്ക് പരിശോധിക്കുകയും റെക്കോഡുകൾ എഴുതി തയ്യാറാക്കുകയും ചെയ്തു.

**തൊഴിലാളി ദിനാഘോഷം:** 12, 19 എന്നീ തീയതികളിൽ വലിയതുറ തൂത്തൂർ എന്നീ ഫെറോനകളിൽ തൊഴിലാളി ദിനവും മാതൃദിനാഘോഷവും നടന്നു. ബ്രദർ പ്രമോദിന്റെ നേതൃത്വത്തിൽ വിവിധതരം കളികൾ നടത്തി സമ്മാനങ്ങളും നല്കി. ഈ പരിപാടിയിൽ ഫെറോനാ വികാരി റവ.ഫാ.സൈറസ് കളത്തിൽ മത്സ്യമേഖല ഫെറോന കോർഡിനേറ്റർ ഫാ.സുധീഷ് ആശംസകളർപ്പിച്ചു.

**ഓഖി പ്രവർത്തനങ്ങൾ**

**പഠനോപകരണ വിതരണം:** 6,10, 13, 14 എന്നീ തീയതികളിൽ രൂപതയിലെ എല്ലാ തീരദേശ ഫെറോനകളിൽ ഓഖീ ബാധിതരായ കുടുംബത്തിലെയും സേവ് എ ഫാമിലിലെയും 1 മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ റ്റിഎസ്എസ്എസ് വഴി വിതരണം ചെയ്തു.

**ഐജിപി വിസിറ്റ്:** സ്വയം തൊഴിൽ ചെയ്യുന്ന ഓഖീ കുടുംബത്തിലെ ഭവനങ്ങൾ വിസിറ്റ് ചെയ്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നു.

**ഏറ്റിനങ്ങൾക്ക് ധനസഹായം:** വലിയതുറ ഫെറോനയിലെ എഞ്ചിൻ നഷ്ടപ്പെട്ട ഒരു വ്യത്തിയ്ക്ക് 30,000 രൂപ എഞ്ചിൻ വാങ്ങുന്നതിന് ആദ്യ ഗഡുവായി നല്കി

**റവ. ഫാ. ഷാജിൻ ജോസ്**

അതിരൂപത ഡയറക്ടർ

സമന്വയ